**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3908** | **03-03-2023 - ൽ മറുപടിയ്ക്ക്**

**പൊതുസ്ഥലത്തെ മദ്യം ലഹരി ഉപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ രാജാക്കാട് മാങ്ങാത്തൊട്ടി റോഡിൽ പ്രവർത്തിച്ചുവരുന്ന ബിവറേജസ് ഔട്ട് ലെറ്റിൽ നിന്നും ചിലർ മദ്യം വാങ്ങി സമീപത്തുള്ള സ്ഥാപനങ്ങളിലും പൊതുസ്ഥലത്തും, മദ്യപിച്ച് പൊതുജനങ്ങൾക്ക് ശല്യം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് അവസാനിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇത്തരം സംഭവങ്ങളിൽ 25 കേസുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് പോലീസ് സാന്നിദ്ധ്യവും പട്രോളിങ്ങും സ്ഥിരമായി ഏർപ്പെടുത്തിയിട്ടുള്ളതും സമീപത്തുള്ള സ്ഥാപനങ്ങളിലും പൊതുസ്ഥലത്തും മദ്യപിക്കുന്നവർക്കെതിരെ അബ്കാരി നിയമത്തിലെ 15-ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ചു വരുന്നതുമാണ്. |
| (ബി) | ഭക്ഷ്യസുരക്ഷ ലൈസൻസും പഞ്ചായത്ത് ലൈസൻസും ഇല്ലാതെ ഹോട്ടലുകൾ എന്ന പേരിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ കഞ്ചാവുൾപ്പെടെയുള്ള മയക്കുമരുന്ന് ഉപയോഗിക്കുന്നത് തടയുന്നതിന്ന് അടിയന്തര തുടർനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ഹോട്ടലുകൾ എന്ന പേരിൽ നടത്തപ്പെടുന്നത് ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളിലും നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്ന് നിരന്തരം പരിശോധന നടത്തി വരുന്നുണ്ട്. കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്ന് ഉപയോഗമോ വിപണനമോ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ